പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശ്മശാന പരിഷ്കരണം, കമ്മ്യൂണിറ്റി ഹാൾ പരിഷ്കരണം എന്നീ പ്രവൃത്തികൾ നടന്നുവരുന്നു. ആകെ 76 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കോളനിയിലെ 50 കുടുംബങ്ങൾക്ക് മേൽ പ്രവൃത്തിയുടെ പ്രയോജനം ലഭിക്കുന്നു.

മൂലക്കിൽ സ്വയം പര്യാപ്ത കോളനിയുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് വുഡ് വർക്ക് ഷോപ്പ്, കോഴിക്കോടിനെ ഏൽപ്പിക്കുന്നതിന് എം.എൽ.എ. ശിപാർശ ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.

മണ്ഡലത്തിലെ നാല് വിജ്ഞാൻ വാടികളിൽ ഒന്ന് ചെറുതാഴത്ത് പ്രവർത്തനം ആരംഭിച്ചു. മാടായി പഞ്ചായത്തിലെ കതിരുമ്മൽ, കണ്ണപുരം ഗ്രാമപഞ്ചായത്തിലെ കാരക്കുന്ന്, പുഞ്ചവയൽ എന്നീ വിജ്ഞാൻവാടികളുടെ കെട്ടിടം പണി പൂർത്തീകരിച്ചു.

ഭവനം, ഭവന പുനരുദ്ധാരണം, ടോയ്ലറ്റ് നിർമ്മാണം എന്നീ പദ്ധതികൾ മണ്ഡലത്തിൽ നല്ല നിലയിൽ നടപ്പിലാക്കുന്നുണ്ട്.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി വിഭാഗങ്ങൾക്ക് 29,01,000 രൂപ 149 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്.

പട്ടികജാതി ഫണ്ടുകൾ വകമാറ്റി ചെലവഴിക്കൽ

269 (4555) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എസ്.സി./എസ്.ടി. സഹകരണ ഫെഡറേഷനിൽ വർഷങ്ങളായി പട്ടികജാതി ഫണ്ടുകൾ വകമാറ്റി ചെലവഴിച്ച് ദുരുപയോഗം ചെയ്യുന്നതായി പട്ടികജാതി സംഘടനാ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുതരമായ ആരോപണങ്ങൾ ഫെഡറേഷന് എതിരെ നിരത്തിയ പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ട് ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികജാതി വികസന വകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly